**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2431 12.02.2020-ലെ മറുപടിയ്ക്ക്

**വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.കെ.പ്രശാന്ത്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഷൂട്ടിങ്ങ് താരങ്ങളെ പരിശീലിപ്പിക്കുന്നതിനായി ആരംഭിക്കുന്ന ഷൂട്ടിംഗ് അക്കാഡമിയുടെ പൂർണ്ണ പ്രയോജനം തദ്ദേശീയരായ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ; | (എ) | ദേശീയ അന്തർദേശീയ ഷൂട്ടിംഗ് മത്സരങ്ങളിൽ കേരളത്തിലെ കുട്ടികൾ മികച്ച നേട്ടം കൈവരിക്കുന്നതിനായി വിദഗ്ധ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കൂടി തിരുവനന്തപുരം വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. 10 വയസ്സിനുമുകളിൽ പ്രായമുള്ളതും ഷൂട്ടിംഗിൽ താൽപര്യമുള്ളവരുമായ തദ്ദേശിയരായവർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ആളുകൾക്കും പരിശീലനം നൽകുക എന്നതാണ് അക്കാഡമി ആരംഭിക്കുന്നതിന്റെ ലക്ഷ്യം. 2020 ഫെബ്രുവരി മുതൽ അക്കാഡമി പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പ്രദേശവാസികളെയും കായികതാരങ്ങളെയും ഉൾപ്പെടുത്തിയുള്ള ജനകീയ കമ്മിറ്റിയ്ക്ക് രൂപം നൽകുമോ; | (ബി) | ഷൂട്ടിംഗ് മറ്റ് കായിക ഇനങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ സുരക്ഷ ആവശ്യമുള്ള കായിക ഇനമാണ്. അതിനാൽ നിലവിൽ നാഷണൽ റൈഫിൾ അസോസിയേഷൻ ഓഫ് ഇൻഡ്യ (എൻ.ആർ.എ.ഐ) മുഖേനയാണ് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ ഷൂട്ടിംഗ് അക്കാഡമിയിൽ പരിശീലനം നൽകുന്നത്. മാത്രമല്ല ആയുധങ്ങളും വെടിക്കോപ്പുകളും സൂക്ഷിക്കുന്ന സുരക്ഷിതമേഖലയാണ് ഷൂട്ടിംഗ് റേഞ്ച്. സാധാരണ വ്യക്തികളെ സുരക്ഷാമേഖലയായ ഷൂട്ടിംഗ് റേഞ്ചിൽ പ്രവേശിപ്പിക്കുന്നത് സുരക്ഷയെ ബാധിക്കുമെന്നതിനാൽ സാധാരണക്കാരെ ഒഴിവാക്കിക്കൊണ്ട് എം.എൽ.എ, മേയർ, എൻ.ആർ.എ.ഐ പ്രതിനിധി, കായികയുവജനകാര്യ പ്രിൻസിപ്പൽ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി, കായിക യുവജനകാര്യ ഡയറക്ടർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ദേശീയ അന്തർദേശീയ ഷൂട്ടിംഗ് താരങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു മേൽനോട്ട കമ്മിറ്റി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പണിപൂർത്തിയാക്കിയിട്ടുളള എ.സി. ഓഡിറ്റോറിയം പൊതുജനങ്ങൾക്ക് വിവിധ പരിപാടികൾക്കായി മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;ഈ ഹാൾ പോളിടെക്നിക് കോളേജിന്റെ പരിപാടികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലെ എ.സി ആഡിറ്റോറിയത്തിന് സമീപത്തായിട്ടാണ് ഷൂട്ടിംഗ് റേഞ്ച് സജ്ജീകരിച്ചിട്ടുള്ളത്. ആയുധങ്ങളും വെടിക്കോപ്പുകളും സൂക്ഷിക്കുന്ന സ്ഥലമായതിനാൽ സുരക്ഷാമേഖലയായ ഷൂട്ടിംഗ് റേഞ്ചിൽ പൊതുപരിപാടികൾക്കായി ഓഡിറ്റോറിയം നൽകുന്നത് ഷൂട്ടിംഗ് റേഞ്ചിന്റെയും നാടിന്റെയും സുരക്ഷിതത്വത്തിന് ഭീക്ഷണിയാവാൻ സാധ്യതയുള്ളതിനാൽ പൊതുപരിപാടികൾക്ക് അനുവദിക്കുന്നത് ഒഴിവാക്കി കായിക പരിപാടികളുമായി ബന്ധപ്പെട്ട മീറ്റിംഗുകൾക്ക് ഷൂട്ടിംഗ് റേഞ്ചിന്റെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് ഫീസ് ഈടാക്കി ഓഡിറ്റോറിയം അനുവദിക്കുന്നതാണ്. ഈ ഓഡിറ്റോറിയത്തിൽ പ്രദേശത്തെ കുട്ടികൾക്കായി യോഗ, ജൂഡോ, കരാട്ടെ തുടങ്ങിയ പരിശീലന പരിപാടികൾ ആരംഭിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. കായികപരിപാടികൾക്കല്ലാതെ പൊതു പരിപാടികൾക്ക് പ്രസ്തുത ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നില്ല. |
| (ഡി) | വട്ടിയൂർക്കാവ് ഷൂട്ടിങ്ങ് റേഞ്ചിൽ ഒരുക്കിയിട്ടുളള ക്രിക്കറ്റ് നെറ്റ് പ്രാക്ടീസിങ്ങ് സൗകര്യം എന്ന് പൂർത്തിയാക്കി കായികതാരങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ഡി) | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ ടെറസ്സിനു മുകളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ക്രിക്കറ്റ് പ്രാക്ടീസ് ഇടനാഴിയുടെ നിർമ്മാണം 95% പൂർത്തിയായികഴിഞ്ഞു. പ്രസ്തുത പ്രവൃത്തി 2020 മാർച്ച് മാസം പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**